# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.505 03.03.2020-ൽ മറുപടിക്ക്**

## സ്പിന്നിംഗ് മില്ലുകൾക്ക് സ്കൂൾ യൂണിഫോമിനുള്ള ഓർഡർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |

(എ) സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ യൂണിഫോം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകൾക്ക് ഓർഡർ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ 2018-ന് ശേഷം ഓരോ മില്ലുകൾക്കും എത്ര കോടി രൂപയുടെ ഓർഡർ ലഭിച്ചു; ഓർഡർ ലഭിച്ചില്ലെങ്കിൽ ആയതിനുള്ള കാരണം എന്താണെന്ന് വിശദീകരിക്കുമോ?

(എ) & (ബി) ഉണ്ട്. സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ യൂണിഫോം പദ്ധതിക്കാവശ്യമായ പി.സി യാൺ(പോളിസ്റ്റർ കോട്ടൺ)ഉൽപാദിപ്പിക്കുന്ന മില്ലുകൾക്ക് നാഷണൽ ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേനയാണ് ഓർഡർ നൽകുന്നത്. സംസ്ഥാനത്തെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ളതും ആലപ്പുഴയിൽ പ്രവർത്തിക്കുന്നതുമായ കോമളപുരം സ്പിന്നിംഗ് & വീവിംഗ് മില്ലിൽ നിന്നും കണ്ണൂരിലെ ഹൈടെക് വീവിംഗ് മില്ലിൽ നിന്നും ടെക്സ്ഫെഡിന് കീഴിലുള്ള കണ്ണൂർ, മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലുകളിൽ നിന്നും സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിക്കാവശ്യമായ നൂൽ വാങ്ങിയിട്ടുണ്ട്.

2018 ന ശേഷം പ്രസ്തുത പൊതുമേഖലാ സ്പിന്നിംഗ് മില്ലുകൾക്ക് യഥാക്രമം 11.84 കോടി രൂപയുടെയും 4.83 കോടി രൂപയുടെയും ഓർഡറും ടെക്സ്ഫെഡിന് കീഴിലുള്ള 2 സ്പിന്നിംഗ് മില്ലുകൾക്ക് 10.21 കോടി രൂപയുടെ ഓർഡറും ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ